# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 4626 – 22/03/2018-ലെ മറുപടിക്ക്

## കടമെടുക്കാനുള്ള സംസ്ഥാനങ്ങളുടെ അവകാശത്തെ പരിമിതപ്പെടുത്തുന്ന കേന്ദ്രസർക്കാർ നീക്കം

ചോദ്യം | ഉത്തരം

ശ്രീ. കെ. സുരേഷ് കുറുപ്പ്
ശ്രീ. റ്റി. വി. രാജേഷ്
ശ്രീ. എം. രാജഗോപാലൻ
ശ്രീ. പി.ടി.എ. റഹീം

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | സംസ്ഥാനങ്ങൾക്ക് വായ്പ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ കേന്ദ്ര സർക്കാർ മാറ്റം വരുത്തിയത് സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ എപ്രകാരമെല്ലാമാണ് പ്രതികൂലമായി ബാധിച്ചതെന്ന് വ്യക്തമാക്കാമോ; | കേന്ദ്ര സർക്കാർ സംസ്ഥാനത്തിനുള്ള കടമെടുപ്പ് പരിധി (തനി) നിശ്ചയിച്ചിരുന്നത് എല്ലാവിധ സ്രോതസ്സിൽ നിന്നുമുള്ള വായ്പയും (പബ്ലിക് അക്കൗണ്ട് ഉൾപ്പെടെ) പരിഗണിച്ചുകൊണ്ടാണ്. മുൻ വർഷങ്ങളിൽ പബ്ലിക് അക്കൗണ്ടിൽ നിന്ന് അധികമായി എടുക്കുന്ന വായ്പ കടമെടുപ്പ് പരിധിയിൽ നിന്ന് കുറവ് ചെയ്യിരുന്നില്ല. എന്നാൽ നടപ്പ് സാമ്പത്തിക വർഷം മുതൽ പതിവിന് വിഭിന്നമായി പബ്ലിക് അക്കൗണ്ട് വഴി അധികമായി എടുക്കുന്ന വായ്പ കടമെടുപ്പ് പരിധിയിൽ നിന്ന് കുറവ് വരുത്തുമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. ഇത് പൊതു വിപണിയിൽ നിന്ന് കടമെടുക്കുന്നതിന് താൽക്കാലികമായി പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. വകുപ്പുകൾ പണം ചെലവഴിക്കാതെ ട്രഷറി അക്കൗണ്ടുകളിൽ സൂക്ഷിക്കുന്ന പ്രവണത കർശനമായി നിയന്ത്രിച്ചു കൊണ്ട് ഒരു പരിധിവരെ ഇത് പരിഹരിച്ചിട്ടുണ്ട്. |
| ബി | ഈ പ്രതിസന്ധി മറികടക്കുന്നതിന് സർക്കാർ തലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ; | |
| സി | ഈ സാഹചര്യത്തിൽ കർശനമായ സാമ്പത്തിക അച്ചടക്കം പാലിക്കു ന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | ചെലവ് കുറയ്ക്കുന്നതിന്റെയും സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിന്റെയും ഭാഗമായി അനിവാര്യമായ വർക്ക് സ്റ്റഡി നടത്തിയശേഷം മാത്രമേ തസ്തികകൾ സൃഷ്ടിക്കുകയുള്ളൂ. തസ്തിക പുനർവിന്യാസം വഴിയും ഇ-ഗവേണൻസിന്റെ നേട്ടങ്ങൾ പ്രയോജനപ്പെടുത്തിയും റവന്യൂ ചെലവുകൾ നിയന്ത്രിക്കും. ബജറ്റ് വിഹിതത്തിനു പുറമേ അധിക തുകയ്ക്കുള്ള അനുമതി നൽകുന്ന |

| | | |
|---|---|---|
| | | പ്രവണത കുറച്ചുകൊണ്ടു വരും. സംസ്ഥാന സമ്പദ്വ്യവസ്ഥയുടെ നിയന്ത്രണത്തിനും നിരീക്ഷണത്തിനുമായി 2017 ഫെബ്രുവരി മുതൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (IFMS) നടപ്പിലാക്കിയിട്ടുണ്ട്. അനാവശ്യ ചെലവുകൾ നിയന്തിക്കുന്നതിന്റെ ഭാഗമായി വകുപ്പുകൾ പണം ചെലവഴിക്കാതെ ട്രഷറി അക്കൗണ്ടുകളിൽ സൂക്ഷിക്കുന്ന പ്രവണത നിയന്ത്രിക്കും. നിലവിലുള്ള ചെലവു ചുരുക്കൽ നിയന്ത്രണങ്ങൾ കർശനമായി പാലിക്കും. പുതിയ വാഹനങ്ങൾ വാങ്ങുന്നതിനു പകരം വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നത് പ്രോത്സാഹിപ്പിക്കും. ഉദ്യോഗസ്ഥന്മാരുടെ വിദേശയാത്ര ഉൾപ്പെടെയുള്ള യാത്രാ ചെലവുകൾ, ടെലഫോൺ ചാർജ്ജുകൾ എന്നിവയും പുതിയ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തും.<br>റവന്യൂ കമ്മി കുറച്ചുകൊണ്ടുവരുന്നതിന്റെ ഭാഗമായി ഓരോ വർഷവും 20-30 ബേസിസ് പോയിന്റ് വീതം കുറയ്ക്കാനാണ് ഉദ്ദേശിക്കുന്നത്. 2016-17 -ൽ റവന്യൂ കമ്മി 2.51 ശതമാനമായിരുന്നു. 2017-18 -ലെ പുതുക്കിയ കണക്ക് പ്രകാരം ഇത് 1.9 ശതമാനമായി കുറഞ്ഞിട്ടുണ്ട്. 2018-19 -ൽ റവന്യൂ കമ്മി 1.6 ശതമാനമായി കുറയ്ക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |
| ഡി | കടമെടുക്കാനുള്ള സംസ്ഥാനങ്ങളുടെ അവകാശത്തെ പരിമിതപ്പെടുത്താ നുള്ള കേന്ദ്രസർക്കാരിന്റെ നീക്കം സംസ്ഥാന ങ്ങളുടെ ധനകാര്യ സ്വാതന്ത്ര്യ ത്തിന്മേലുള്ള വെല്ലുവിളി ആയതിനാൽ ഇതു സംബന്ധിച്ച് എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കു ന്നതെന്ന് വ്യക്തമാക്കാമോ? | 15-ാം ധനകാര്യ കമ്മീഷന് മുമ്പിൽ സംസ്ഥാന സർക്കാരിന്റെ ഇക്കാര്യത്തിലുള്ള നിലപാട് കണക്കുകളുടെയും വസ്തുതകളുടെയും അടിസ്ഥാന ത്തിൽ അവതരിപ്പിക്കുകയും പരിഹാരം തേടാൻ ശ്രമിക്കുകയും ചെയ്യും. |

**സെക്ഷൻ ഓഫീസർ**